## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1122 — 05.03.2018-ൽ മറുപടിയ്ക്ക്

## ഭൂമിയുടെ ന്യായവില നിർണ്ണയം

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏകദേശം എത്രശതമാനം പൂർത്തിയാകാൻ ബാക്കിയുണ്ട്; | (എ) സംസ്ഥാനത്ത് ന്യായവില നിർണ്ണയം പൂർത്തിയാക്കി 06-03-2010 ലെ വിജ്ഞാപന പ്രകാരം 01-04-2010 ൽ ന്യായവില നിലവിൽ വന്നിട്ടുള്ളതാണ്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ 10 ശതമാനവും തലശ്ശേരി സബ്ഡിവിഷനിൽ 5 ശതമാനവും പൂർത്തീകരിയ്ക്കാനായിട്ടുണ്ട്. |
| (ബി) ന്യായവില നിശ്ചയിച്ച് നൽകാത്തതുമൂലം ഇടപാടുകാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ന്യായവില നിശ്ചയിക്കാത്ത ഭൂമിയുടെ വില അത്യാവശ്യ ഇടപാടുകാർക്കായി നിശ്ചയിച്ച് നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിന് നേരിടുന്ന കാലതാമസം മൂലം ഇടപാടുകാർക്ക് ഇത് പ്രയോജനപ്പെടാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) 1959 ലെ കേരള മുദ്രപത്ര നിയമം സെക്ഷൻ 28 എ പ്രകാരം ന്യായവില നിർണ്ണയിക്കേണ്ട ഉദ്യോഗസ്ഥൻ അതാതു സ്ഥലത്തെ ആർ.ഡി.ഒ.മാരാണ്.ന്യായവില നിശ്ചയിയ്ക്കാത്ത ഭൂമിയുടെ അപേക്ഷകളിന്മേൽ ആർ.ഡി.ഒ.മാർ കാലതാമസം കൂടാതെ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |
| (ഡി) ന്യായവില നിർണ്ണയം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) ന്യായവില നിർണ്ണയം പൂർത്തിയാക്കുന്നതിനും, പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 01-10-2016 ന് ചേർന്ന യോഗത്തിൽ വിട്ടുപോയിട്ടുള്ളതായ സർവ്വേ നമ്പരുകൾ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ആയതിൻ പ്രകാരം ജില്ലകളിൽ നടപടികൾ പൂർത്തീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

BN